എണ്ണ സങ്കേതങ്ങൾ

* 47. [11] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തീരപ്രദേശത്ത് എണ്ണ സങ്കേതങ്ങൾ ഉണ്ടോ എന്നു് അന്വേഷിക്കാൻ ഒരു വിദഗ്ദ്ധ പരിശോധകസംഘത്തെ കേന്ദ്രഗവണ്മെന്റ് നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഇതേക്കുറിച്ച് സംസ്ഥാനഗവണ്മെന്റിനു വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ;

(സി) ഇതേക്കുറിച്ച് ഈ വിദഗ്ദ്ധ സംഘത്തിന്റെ അന്വേഷണത്തിന്റെ ഫലമെന്താണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.
(ബി) ഉണ്ടു്.
(സി) ഗവേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ അടുത്ത കാലത്തു് പുനലൂർ പട്ടണത്തിലുള്ള ഒരു കിണറ്റിൽനിന്നു മണ്ണെണ്ണ കിട്ടിയതായി റിപ്പോർട്ടുണ്ടായിരുന്നു. അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ എണ്ണനിക്ഷേപം ഇല്ലെന്നാണു് അറിഞ്ഞതു്.

ശ്രീ. എസ്സ്. കുമാരൻ : തീരപ്രദേശത്തെ എണ്ണനിക്ഷേപത്തെ സംബന്ധിച്ചു് പ്രാഥമികമായ വല്ല റിപ്പോർട്ടും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പ്രാഥമികമായി ചില അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി തീരപ്രദേശത്തു് വക്കലയിൽ എണ്ണനിക്ഷേപമുണ്ടെന്നു ഗവണ്മെന്റിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ആ വിവരം ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചു. അവരുടെ വിദഗ്ദ്ധന്മാർ വന്നു പരിശോധിച്ചിട്ടുപോലും അതു് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എസ്സ്. വെങ്കിട്ടരാമന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധസംഘമാണു് പരിശോധന നടത്തുന്നതു്. കൂടുതൽ പരിശോധന നടത്തുവാനായി "കോണ്ടു്" എന്ന കപ്പൽ അവരുടെ ഗവേഷണത്തിനായി വിട്ടുകൊടുക്കണമെന്നപേക്ഷിച്ചു. അതു് ഡിസംബർമാസത്തിൽ കൊടുക്കണമെന്നാണു് അവർ ആവശ്യപ്പെട്ടതു്. എന്നാൽ ജാനുവരിയിൽ മാത്രമേ അതു കൊടുക്കുവാൻ കഴിയുകയുള്ളുവെന്നു് യൂണിവേഴ്സിറ്റി അധികാരികളും പറഞ്ഞിരിക്കുകയാണു്. ആ വിവരം ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചിട്ടുമുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : പത്തനാപുരത്തിനടുത്തുള്ള അഞ്ചു ഖനിയുടെ അടുത്തു സ്വർണ്ണനിക്ഷേപമുണ്ടെന്നു പറയുന്നുണ്ടു്. അതിനെ സംബന്ധിച്ചു ഒരു പരിശോധന നടത്തുവാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ ജിയോളജിസ്റ്റു പോയി അന്വേഷണം നടത്തിയതിനുശേഷം ആശാവഹമായ റിപ്പോർട്ടു് ഒന്നും ലഭിച്ചിട്ടില്ല. വയനാട്ടിലാണു് സ്വർണ്ണനിക്ഷേപമുള്ളതു്. ഈ പ്രദേശത്തു് സ്വർണ്ണനിക്ഷേപമുള്ളതായി വിവരം ലഭിച്ചിട്ടില്ല.

അലോട്ടഡ് ഗ്രാഡുവേറ്റ്സ് ടീച്ചേഴ്സ് അസോസിയേഷന്റെ † നിവേദനം

* 48. [12] ശ്രീ. പി മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† Put by Smt. Sarada Krishnan.

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂരിലെ അലോട്ടഡ് ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അസോസിയേഷനിൽനിന്ന് വല്ല നിവേദനവും അടുത്ത കാലത്തു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ആവശ്യങ്ങൾ അനുവദിക്കുവാൻ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 4-12-1963-ൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) മലബാർ പ്രദേശത്തെ 39 ഗ്രാഡുവേറ്റ് ടീച്ചർമാരെ അവഗണിച്ച് ഹെഡ്മാസ്റ്റർമാരായി പ്രമോഷൻ നൽകിയ 30 ടീച്ചർമാരുടെ പ്രമോഷൻ റദ്ദ്ചെയ്യ സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്നും, സീനിയോറിറ്റി, പ്രമോഷൻ എന്നിവകളിലുണ്ടാകാവുന്ന പ്രശ്നങ്ങളെ ഒഴിവാക്കുന്നതിനായി സംയോജനം പൂർത്തിയാകുന്നതുവരെ വടക്കേമേഖല പ്രത്യേകം യൂണിറ്റായി നിലനിർത്തണമെന്നുമാണ്.

(സി) മേൽപ്പറഞ്ഞ പ്രമോഷൻ ശരിയായ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം നടത്തിയിട്ടുള്ളതിനാൽ ആയതു റദ്ദ് ചെയ്യണമെന്ന് ഗവണ്മെൻറ് കരുതുന്നില്ല. വടക്കേമേഖലയെ പ്രത്യേക യൂണിറ്റായി നിലനിർത്തുന്നതു്, നിലവിലുള്ള ഉത്തരവുകൾക്കും ഇൻഡ്യാഗവണ്മെൻറിൻറെ നിർദ്ദേശങ്ങൾക്കും വിരുദ്ധമാകയാൽ ഈ ആവശ്യം പരിഗണിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : സീനിയോറിറ്റി അനുസരിച്ചാണ് പ്രമോഷൻ കൊടുത്തതെന്നു പറഞ്ഞു. സീനിയോറിറ്റി കണക്കാക്കിയതിൻറെ മാനദണ്ഡമെന്താണ് ? സർവ്വീസ് ദൈർഘ്യത്തിൻറെ അടിസ്ഥാനത്തിലാണോ, അതോ ശമ്പളസ്കെയിലിൻറെ അടിസ്ഥാനത്തിലാണോ സീനിയോറിറ്റി നിശ്ചയിച്ചതു് ? ശമ്പളസ്കെയിലിൻറെ അടിസ്ഥാനത്തിലാണെങ്കിൽ രണ്ടുഭാഗത്തും ശമ്പളസ്കെയിൽ വ്യത്യസ്തമായിരുന്നുവെന്നുള്ളതിൻറെ അടിസ്ഥാനത്തിൽ അതൊന്നു പുനഃപരിശോധനചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ഈ പ്രശ്നം വളരെ കൂലങ്കഷമായ പഠനത്തിനു വിഷയമായതാണ്. ഈ മൂന്നു യൂണിറ്റുകളിലും അതായതു്, പഴയ തിരുവിതാംകൂറിലും, പഴയ കൊച്ചിയിലും, പഴയ മലബാറിലുമെല്ലാം പല തരത്തിലുള്ള ശമ്പളസ്കെയിലുകളാണുണ്ടായിരുന്നതു്. അതുകൊണ്ടു് ഈ പ്രശ്നം വളരെ സങ്കീർണ്ണമായ ഒന്നായി തീർന്നു. അതിനാൽ മറ്റു പല ഡിപ്പാർട്ടുമെൻറുകളിലും വച്ചതുപോലെ ഇതിൽ സീനിയോറിറ്റിക്കു് ഒരു മാനദണ്ഡം വയ്ക്കുവാൻ പ്രയാസം നേരിട്ടു. അതുകൊണ്ടു് ഇന്ന മാനദണ്ഡം വച്ചാണ് സീനിയോറിറ്റി നിശ്ചയിച്ചതെന്നു് കൃത്യമായി പറയുവാൻ സാദ്ധ്യമല്ല. ഇതേപ്പറ്റി ഗവണ്മെൻറ് ആലോചിക്കുകയും അതിനു പ്രത്യേകമായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും, കേന്ദ്രഗവണ്മെൻറിൻറെ ഉപദേശം തേടിക്കുകയും ചെയ്തു. അതിൻറെയൊക്കെ ഫലമായിട്ടാണ് പ്രമോഷൻ ഉണ്ടായിട്ടുള്ളതു്. ഇനി അതു് ഇളക്കിക്കൊണ്ടുവരുന്നതു് കൂടുതൽ വിഷമങ്ങൾ ഉണ്ടാക്കാനേ ഉപകരിക്കുകയുള്ളുവെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly